# ദു:ഖിക്കുന്നവരുടെ ആശ്വാസം (മത്തായി 5:4)

*(പാസ്റ്റർ ജോൺ റ്റി. കുരിയൻ)*

യേശുക്രിസ്തുവിൻെറ ഗിരിപ്രാഭാഷണം നമുക്കു എങ്ങനെ ഒരു ക്രിസ്ത്യാനിയായിത്തീരാമെന്നു പരാമർശിക്കുന്നില്ല. പിന്നെയോ ഒരു ക്രിസ്ത്യാനി എങ്ങനെ ആയിരിക്കണമെന്നുള്ള മാർഗ്ഗ നിർദ്ദേശമാണതരുന്നത് എന്നാണ് മാർട്ടിൻ ലൂഥർ അഭിപ്രായപ്പെട്ടിരിക്കുന്നത്. മത്തായി സുവിശേഷത്തിലെ അഞ്ചു മുതൽ ഏഴു വരെയുള്ള അദ്ധ്യായങ്ങൾ ആണല്ലോ ക്രിസ്തുവിൻെറ ഗിരിപ്രഭാഷണങ്ങൾ **(Beatitudes)** എന്നറിയപ്പെടുന്നത്. ഗിരി പ്രഭാഷണങ്ങളിലെ ആദ്യത്തെ പത്തു വാക്യങ്ങൾ ഭാഗ്യ വചനങ്ങൾ ആണ്. പ്രസ്തുത ഭാഗത്തെ ഒരു വാക്യം ആണ് നമ്മുടെ ചിന്താവിഷയം - ദു:ഖിക്കുന്നവർ ഭാഗ്യവാന്മാർ, അവർക്കു ആശ്വാസം ലഭിക്കും (മത്തായി 5:4).

മനുഷ്യരുടെ എല്ലാവിധമായ കഷ്ടങ്ങളിലും പ്രയാസങ്ങളിലും നമ്മേ ആശ്വസിപ്പിക്കുന്ന ഒരു ദൈവം നമുക്കുവേണ്ടി ജീവിക്കുന്നു എന്നത് എത്ര ആശ്വാസകരമാണ്. (മനുഷ്യരുടെ പല ദു:ഖങ്ങൾക്കും കാരണമായിരിക്കുന്നത് സ്വാർത്ഥതാല്പര്യങ്ങളാലാണ് എന്ന് വിശദ വിശകലനത്തിൽനിന്നു ഗ്രഹിക്കാവുന്നതാണ്). യഹോവ മോശയോട് അരുളിച്ചെയ്തത് ശ്രദ്ധിച്ചാൽ ദൈവജനത്തിൻെറ കഷ്ടത കാണുകയും കേൾക്കുകയും അറിയുകയും മാത്രമല്ല വിടുവിപ്പാൻ ഇറങ്ങി വരുന്നവനുമായ ദെവമത്രേ നമുക്കുള്ളത് (പുറപ്പാട് 3:7-8). വളരെ മനോവ്യസനത്തോടുകൂടെ പ്രാർത്ഥിച്ച ഹന്നയുടെ പ്രാർ ത്ഥനയുടെ മറുപടി ദൈവം നല്കിയല്ലോ. അങ്ങനെ എത്ര സംഭവങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അന്നു മാത്രമല്ല ഇന്നും നമ്മുടെ എല്ലാ വിധമായ ദു:ഖങ്ങളിലും സഹായിപ്പാൻ അവിടുന്നു മതിയായവനും വിശ്വസ്തനും മാറ്റമില്ലാ ത്തവനും ആകുന്നു.

എന്നാൽ ഇവിടെ ദു:ഖിക്കുന്നവർ എന്നു വിവക്ഷിക്കുന്നത് ആ അർത്ഥത്തിൽ മാത്രമല്ല. പിന്നെയോ പാപത്തിനു നേരെയുള്ള നമ്മുടെ മനോഭാവമാണ് യഥാർത്ഥ ദുആഖം. പാപം നമ്മേ ദൈവ ത്തിൽ നിന്നും അകറ്റുന്നും രക്ഷയുടെ സന്തോഷം പ്രാപിക്കുവാൻ കഴിയാതെയാകുന്നു. പാപത്താൽ മലിനമായിരിക്കുന്ന മനുഷ്യ ഹൃദയത്തിനു സ്വയം ശുദ്ധി വരുത്തുവാൻ കഴിയുകയില്ല. പിന്നെയോ, യേശുക്രിസ്തുവിൻെറ രക്തം, ദൈവവചനം (യോഹന്നാൻ 15:3), പരിശുദ്ധാത്മാവ് (തീത്തോസ് 3:7) എന്നീ ത്രിവിധ ഘടകങ്ങൾക്കു മാത്രമെ നമ്മേ കഴുകി ശുദ്ധീകരിക്കു വാൻ കഴിയുകയുള്ളു. അതിനു ദൈവത്തിങ്കലേക്കു തിരിഞ്ഞ് പാപത്തെക്കുറിച്ച് അനുതപിച്ച് ഏറ്റു പറയണം (ലൂക്കോസ് 18:13-14), ഈയോബ് 5ാം അദ്ധ്യായം 11-ൽ പറഞ്ഞിരിക്കുന്നത് " അവൻ താണവരെ ഉയർത്തുന്നും ദു:ഖിക്കുന്നവരെ രക്ഷയിലേക്കു കയറ്റുന്നു". എൻെറ പാപം നിന്നോടറിയിച്ചു എൻെറ അകൃത്യം മറെച്ചതുമില്ല. എൻെറ ലംഘനങ്ങളെ യഹോവയോടു ഏറ്റു പറയും എന്നു പറഞ്ഞും അപ്പോൾ നീ എൻെറ പാപത്തിൻെറ കുറ്റം ക്ഷമിച്ചു തന്നു" എന്ന് ദാവീദു പറഞ്ഞിരിക്കുന്നു (സങ്കീ 32:5).

"ദു:ഖിക്കുന്നവർ" എന്നതിനു മറ്റൊരു ആശയം പാപത്തിൽ നശിച്ചു പോകുന്നവരെക്കുറിച്ചുള്ള ആത്മഭാരം ആകുന്നു. വിശുദ്ധ പൗലോസിൻെറ ദു:ഖം ഇതിനുദാഹരണമാണ്. " അനേകർ ക്രിസ്തുവിൻെറ ശത്രുക്കളായി നടക്കുന്നു എന്നു ഇപ്പോൾ കരഞ്ഞുകൊണ്ടു പറയുന്നു. അവരുടെ അവസാനം നാശം" (ഫിലിപ്യർ 3:18). സങ്കീർത്തനം 119:136 ൽ "അവർ നിൻെറ ന്യായപ്രമാണത്തെ അനുസരിക്കായ് കയാൽ എൻെറ കണ്ണിൽ നിന്നും ജലനദികൾ ഒഴുകുന്നു".ഇനിയും റോമർ 1:14 "യവനന്മാർക്കും ബർബ്ബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു. അങ്ങനെ റോമിലുള്ള നിങ്ങളോടും സുവിശേഷം അറിയിപ്പാൻ ഞാൻ കടക്കാരൻ ആകുന്നു". ജനത്തിൻെറ അകൃത്യം നിമിത്തം വിലപിക്കുന്ന ഒരു യിരെമ്യാപ്രവാചകനെയാണ് വിലാപങ്ങളുടെ പുസ്തകത്തിൽ കാണുവാൻ കഴിയുന്നത്. കുഞ്ഞുങ്ങളുടെ ജീവരക്ഷയ്ക്കായി രാത്രിയിൽ യാമാരംഭത്തിൽ എഴുന്നേറ്റു നിലവിളിക്കുകയും ഹൃദയത്തെ വെള്ളംപോലെ കത്തൃസന്നിധിയിൽ പകരുകയും ചെയ്യുവാൻ നമ്മേ പ്രബോധിപ്പിക്കുന്നു. നശിച്ചു പോകുന്നവരെക്കുറിച്ചുള്ള അനുകമ്പയും ഭാരവും നമ്മേ അവർക്കുവേണ്ടി പ്രാർത്ഥിപ്പാനും പ്രവർത്തിപ്പാനും ഇടയാക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ ദു:ഖകരമായ വിഷയങ്ങൾക്ക് വിടുതൽ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നതു പോലെയോ അതിലധികമോ പാപാവസ്ഥയിൽനിന്നുള്ള വിടുതൽ പ്രാപിക്കുന്നതിനും പാപത്തിൽ നശിച്ചുപോകുന്നവർക്കുവേണ്ടി പ്രവർത്തിച്ച് അവരെ കർത്താവിങ്കലേക്കു നടത്തുവാനും കഴിയുമെങ്കിൽ നമ്മുടെ ആശ്വാസം ഏറ്റവും മഹത്വകരമായിരിക്കും. യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ സീയോനിലേക്കു വരും, നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും, അവർ ആനന്ദവും സന്തോഷവും പ്രാപിക്കുംം ദു:ഖവും നെടുവീർപ്പും ഓടിപ്പോകും (യെശയ്യാ 35 :10).

EBENEZER PENTECOSTAL CHURCH OF GOD. All Rights Reserved